## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 512

**29.06.2015 - ലെ മറുപടിയ്ക്ക്**

## സർക്കാർ സേവനഫീസ് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.കെ.കെ.ലതിക** | **ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാരധികാരമേറ്റ ശേഷം എത്ര തവണകളിലായി സേവനഫീസ് വർദ്ധിപ്പിച്ചു; വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത വർദ്ധനവിലെ ഏറ്റവും കൂടിയ വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | 2309.2014 – ലെ ജി.ഒ(പി)നം. 409/2014/ധന ഉത്തരവ് മുഖേന ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളിലൊഴികെയുള്ള വകുപ്പുകളിലെ എല്ലാ സേവനങ്ങളുടെ ചാർജ്ജുകളും ഫീസുകളും 15 മുതൽ 50% വരെ വർധിപ്പിച്ചിട്ടുണ്ട്. |
| (സി) പാവപ്പെട്ടവർക്കുമേൽ ഇത്തരം വർദ്ധിപ്പിച്ച സേവന ഫീസുകൾ ഏർപ്പെടുത്താൻ തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ? | ബജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിലെ കുറവു മൂലം റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ മുടക്കം വരാതെ നടപ്പിലാക്കുന്നതിന് സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് മേൽ പറഞ്ഞ വർധനവ് വരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**